Preside it : My question is whether, in view of the replies given by t e Government, the Honourable Member presses his resolution to division or whether he has prepared to withdraw it. That is the o l question.

Mr. Tariatu Kunjittomman: ഈ വിഷയത്തെപ്പററി ഗവ ണ്മെൻറു ആലോചിച്ചുവരുന്നതായി പറയുന്നതുകൊണ്ടു ഞാൻ ഇ പ്പോൾ പ്രമേയം പിൻവലിക്കുന്നു.

The resolution was, by leave withdrawn.

The Council adjourned for lunch at 1 P. M.

The Council reassembled after lunch at 2 P. M., with Mr. M. Govindan, B. A. B. L., one of the panel of Chairmen in the Chair.

RESOLUTIONS.

Assignment of Mannankandam lands.

This Council recommends to the Government that the Mannankandam lands which have been surveyed and dis-afforested for assi nment to ryots be assigned in auction as early as practicable.

Mr. Tariatu Kunjitomman : സർ, "പതിച്ചുകൊടുക്കുന്നതിനായി റിസർവിൽനിന്നും ഒഴിച്ചു സർവെ ചെയ്തിട്ടിട്ടുള്ള മന്നാൻകണ്ടം പ്രദേശത്തെ കഴിയുന്നതും വേഗത്തിൽ കൃഷിക്കായി ലേലംചെയ്തു പതിച്ചുകൊടുക്കണമെന്നു ഈ യോഗം ഗവണ്മെൻറിനോടു ശുപാർശ ചെയ്യുന്നു." ഇതാണ് എന്റെ പ്രമേയം.

വളരെ വർഷങ്ങൾക്കുമുമ്പുതന്നെ റിസർവിൽനിന്നും കൃഷിക്കുപയുക്തങ്ങളായ ഭൂമികൾ ഒഴിച്ചു പതിച്ചുകൊടുക്കണമെന്നു ശ്രീമൂലം പ്രജാസഭായോഗങ്ങളിലും, പഴയ നിയമസഭായോഗങ്ങളിലും ഞാനും മറ്റു ജനപ്രതിനിധികളും വാദിച്ചിട്ടുള്ളതാണ്. മന്നാങ്കണ്ടം പതിച്ചുകൊടുക്കുന്നതിനായി ഫ വ വർഷംമുമ്പേ സർവെ ചെയ്തതാണ്. പിന്നീട് ഒരു കമ്മിററി ഏർപ്പെടുത്തി അന്വേഷണം നടത്തിയപ്പോൾ ആ പ്രദേശത്തുകൂടി ഒരു പുതിയ റോഡു വരുന്നുണ്ടെന്നും അതു തീർന്നതിനശേഷം ലേലംചെയ്താൽ കൂടുതൽ വില കിട്ടുമെന്നും അഭിപ്രായപ്പെട്ടതനുസരിച്ചു നടപടികൾ നിർത്തിവച്ചു. ഇപ്പോൾ മേൽപ്രസ്താവിച്ച റോഡു വന്നതിനശേഷം വീണ്ടും സർവെചെയ്യുകയും കുറെ സ്ഥലം ലേലം ചെയ്കയുംചെയ്തു; ബാക്കി സ്ഥലം വെറുതെ ഇട്ടിരിക്കയാണ്. അതു വലിയ സംഖ്യക്കുപോയി. ആ സ്ഥലങ്ങൾകൂടി വേഗത്തിൽ ലേലം ചെയ്തുകൊടുത്താൽ കുടിയേറവും കൃഷിയും വർദ്ധിക്കയും ഭക്ഷണസാധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

നങ്ങൾ ക്രൂതലായി ഉണ്ടാവുകയും ജനങ്ങളുടെ കഷ്ടതകൾ നീങ്ങുകയും ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

Mr. K. P. Nilakanta Pillai: ഇപ്പോൾ എത്ര സ്ഥലം പതിച്ചുകൊടുത്തു?

Mr. Tariatu Kunjitomman: ൫൦൦ ഏക്കർ സ്ഥലം ലേലംചെയ്തു; ഇനിയും വളരെ സ്ഥലം സർവ്വെചെയ്ത് ഇട്ടിട്ടുണ്ട്. സർവ്വെചെയ്ത വളരെക്കാലമായാൽ പൊന്തക്കാടുകൾ മൂടിപ്പോകയും രണ്ടാമതുസർവ്വെ ചെയ്കയും വേണ്ടിവന്നേക്കാം. അങ്ങനെ മുമ്പു സംഭവിച്ചതുമാണ്.

Mr. M. N. Narayana Menon: മന്നാൻകണ്ടം എത്ര ഏക്കർവരും?

Mr. Tariatu Kunjitomman: ൫൦൦൦ ഏക്കറോളം വരും. ഈ സ്ഥലം റോഡിനു വളരെ അടുത്തുമാണ്.

Mr. M. P Madhavan Pillai (*Tiruvalla cum Pattanamtitta*): എത്രപേക്കായിട്ടാണ് ൫൦൦ ഏക്കർ സ്ഥലം പതിച്ചുകൊടുത്തത്?

Mr Tariatu Kunjitomman: നാല്പതോ നാല്പത്തഞ്ചോ പേക്കാണെന്നാണു തോന്നുന്നത്. ആ ഭാഗം ഗവണ്മെൻറിനോടു ചോദിച്ചു മറുപടി വരുത്തേണ്ടതാണ്.

Mr. M P. Madhavan Pillai: ൨൦൦ ഏക്കറോളം കൊള്ളിരുതന്നെ പതിച്ചുകൊടുത്തതായി അറിയാമോ?

Mr Tariatu Kunjitomman: അങ്ങനെ ഉണ്ടായിട്ടില്ലെന്നറിയാം. ക്രൂതൽ ൨൫—൫൦ ഏക്കർവരെ ചില ലേലത്തിൽ പിടിച്ചിരിക്കാം. അതിൽ ക്രൂതലായി ആരും പിടിച്ചിട്ടില്ല. ശേഷമുള്ള സ്ഥലംക്രൂടി ഉടനടി ലേലംചെയ്തുകൊടുത്താൽ കൃഷിയുടെ അഭിവൃദ്ധിയും പുറമെ ഗവണ്മെൻറിനു വലിയ തറവിലയും സ്ഥിരക്കരവും കിട്ടുന്നതാണ്. വെറുതെ ഇട്ടാൽ ജനങ്ങൾക്കും ഗവണ്മെൻറിനും നഷ്ടമേയുള്ളൂ. മുമ്പു സർവ്വെചെയ്തിട്ടു പതിച്ചുകൊടുക്കാതിരുന്നതുനിമിത്തം രണ്ടാമതു സർവ്വെ ചെയ്യേണ്ടിവന്നതുപോലെ ദീർഘനാളിട്ടാൽ ൫-൭മതും സർവ്വെ വേണ്ടിവരും. ഓരോ തവണയും ഇരുപത്തയ്യായിരം രൂപാ ചിലവിൽ കുറഞ്ഞ ചിലവാണു വരുന്നതു്. ഈവിധനഷ്ടത്തിനിടയാക്കാതെ ഈ സ്ഥലം ഉടനടി ലേലംചെയ്തു പതിച്ചുകൊടുക്കേണ്ടതാണ്.

Mr. M. N. Parameswaran Pillai: ഇപ്പോൾ ആരെങ്കിലും ഈ സ്ഥലത്തു പ്രവേശനം നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman: ഇല്ല. ലേലംചെയ്ത സ്ഥലത്തുതന്നെയും പ്രവേശിച്ചിട്ടില്ല.

ഈ സംഗതിയെ സംബന്ധിച്ച ഒരു വലിയ പ്രസംഗം ചെയ്യേണ്ട ആവശ്യമില്ല. അതിനാൽ ഈ പ്രമേയത്തെ സഭയുടെ അംഗീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

Mr. M. N. Narayana Menon. സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം സിദ്ധിച്ച തൊഴിലില്ലാത്തതായ അനവധിയാളുകൾ ഈ രാജ്യത്തുണ്ട്. ൧൦൦൦ ഏക്കറോളം സ്ഥലം ഇനിയും പതിച്ചുകൊടുക്കാനായി മന്നാങ്കണ്ടത്തിൽനിന്നും സർവെ ചെയ്ത ഇനത്തിൽ ഉണ്ടെന്നാണ് പ്രമേയാവതാരകന്റെ പ്രസംഗത്തിൽ നിന്നും മനസ്സിലാകുന്നത്. അതു് അഞ്ചേക്കർവീതമുള്ള ഓരോ പ്ലാക്കുകളായി തിരിച്ച ഒരു നൂറു കുടുംബത്തിനു താമസിക്കത്തക്ക സൌകര്യത്തിൽ പതിച്ചുകൊടുക്കുന്നപക്ഷം ഇപ്പോഴത്തെ തൊഴിലില്ലായ്മയ്ക്ക് അതു സല്പലമായ ഒരു പരിഹാരമായിരിക്കുന്നതാണ്.

Mr. P. Padmanabhan Tampi: ലേലംചെയ്യുന്നതു കൊള്ളാമോ പതിച്ചുകൊടുക്കുന്നതു കൊള്ളാമോ?

Mr. M. N. Narayana Menon: പതിച്ചുകൊടുക്കുന്നതാണു നല്ലതു്.

Mr. Tariatu Kunjitomman: ലേലം ചെയ്യുന്ന ഭൂമികളും പതിച്ചുകൊടുക്കുകയാണെന്നല്ലേ മെമ്പർ വിചാരിക്കുന്നതു്?

Mr. M. N. Narayana Menon: ഗവണ്മെൻറിന്റെ ലാഭത്തെമാത്രം ഈ സംഗതിയിൽ മുൻനിറുത്തി പ്രവൃത്തിക്കരുതു്. തൊഴിലില്ലാത്തവരുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ചുവരികയാണു്. അവർക്കു ശരിയായ ഒരുപജീവനമാർഗ്ഗത്തിനായി ഇതു പതിച്ചുകൊടുത്താൽ രാജ്യത്തിനു ശ്രേയസ്സും, ഐശ്വര്യവും സമുദായങ്ങൾ തമ്മിൽ ഐകമത്യവും, ഉണ്ടാകുമെന്നുള്ളതു് തർക്കമറ്റ ഒരു സംഗതിയാകുന്നു.

ഇതിനുംപുറമെ ഈ സ്ഥലം അഭ്യസ്തവിദ്യരും തൊഴിലില്ലാത്തവരുമായ യുവാക്കന്മാർക്കു പതിച്ചുകൊടുത്തു് അതിൽ കൃഷിചെയ്യുന്നതിനായി വേണ്ട ധനസഹായവും അവർക്കു ഗവണ്മെൻറു ചെയ്തുകൊടുക്കണം. ഇങ്ങിനെ ഈവിധത്തിൽ അഞ്ചേക്കർവീതമോ അതിനു വലിയ വ്യത്യാസംക്രടാതെയൊ ഭൂമി പതിച്ചുകൊടുത്തും ആവശ്യമുള്ള പണവും വിദഗ്ദ്ധോപദേശവും നല്കി കൃഷി ചെയ്യത്തക്കതായ ഒരു പദ്ധതി വളരെ അത്യാവശ്യംതന്നെ. തൊഴിലില്ലാത്തവരുടെ സംഖ്യ കുറയ്ക്കേണ്ടതും

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

എല്ലാവക്കും ഉപജീവനമാർഗ്ഗം നൽകേണ്ടതും ഗവണ്മെൻറിന്റെ മുമ തലയാകുന്നു.

Mr J. John Kattakayam: ഞാൻ ഈ പ്രമേയത്തെയും എതിർക്കുന്നില്ല. (ചിരി) മന്നാൻകണ്ടം ചെറിയ ചെറിയ ബ്ലാക്കുകളായിട്ട പതിച്ചുകൊടുക്കണമെന്നാണ് ഗവണ്മെൻറ് ആദ്യമേ ഉദ്ദേശിച്ചതു്; അതായതു് അഞ്ചു ഏക്കറായി തിരിച്ച സാധുജനങ്ങൾക്കു പ്രയോജകീഭവിക്കത്തക്കവിധം പതിച്ചുകൊടുക്കണമെന്നു വിചാരിച്ചതു ഗവണ്മെൻറിന്റെ നന്മനസ്സാണെന്നു അനുമാനിക്കുന്നതിൽ അബദ്ധമില്ല. എന്നാൽ ഗവണ്മെൻറാട്ടെ സാധുജനങ്ങളുടെ സൌകര്യത്തെ കേവലം വിഗണിച്ചു ധനാഢ്യന്മാക്കു ഭ്രമികളെ വിചലപ്പെടുത്താനുള്ള ഒരു പ്രവൃത്തിയാണു ചെയ്തതു്. ഗവണ്മെൻറിന്റെ ആദ്യത്തെ നയം ഭേദപ്പെടുത്തിയതെന്തിനാണെന്നാണു ഞാൻ ചോദിക്കുന്നതു്. ഇതു തുലോം സാഹസമായിപ്പോയി എന്നല്ലാതെ മറെറാന്നും പറയുവാൻ കാണുന്നില്ല. ഇനിയും ഗവണ്മെൻറു ധനാഢ്യന്മാക്കു കൊടുക്കുന്നതിനായി ആലോചിക്കുന്നുണ്ടോ എന്നു എനിക്കു സംശയമില്ലാതെയില്ല. തൊഴിലില്ലാതെ ഉദ്യോഗസ്ഥവൃന്ദങ്ങളുടെ പടിവാതിൽ കാത്തുനിൽക്കുന്ന അഭ്യസ്തവിദ്യരായ ആളുകളെ പ്രോത്സാഹിപ്പിച്ചാൽ ഇന്നു കാണുന്ന അസ്വസ്ഥതകൾ മേലും ഉണ്ടാകുമോ എന്നു എനിക്കു സംശയമാണു്. പത്രങ്ങളിലും പ്രസംഗമണ്ഡപങ്ങളിലും ഗവണ്മെൻറിനേയും ജനപ്രതിനിധിവേഷം കെട്ടി നടക്കുന്ന ഞങ്ങളേയും അടിക്കടി വിഷമിപ്പിക്കുന്നതിന്റെ കാരണം എന്താണു്? തൊഴിലില്ലായ്മ: സാധുക്കൾക്കു ഭ്രമി ലഭിക്കാൻ സൌകര്യംകിട്ടാത്തവിധത്തിൽ ഗവണ്മെൻറു തരവില കൂടുതൽ വർദ്ധിപ്പിക്കുന്നതിൽ ഔൽസുക്യം പ്രദർശിപ്പിച്ചുവരുന്നതു് ശോചനീയമാണു്. അതിനാൽ തുഛമായ തരവില നിശ്ചയിച്ചു താഴ്ശന്മാക്കു പ്രയോജകീഭവിക്കത്തക്കവിധത്തിൽ സ്ഥലം പതിച്ചുകൊടുക്കണം. നേര്യമംഗലം മുതൽ പള്ളിവാശൽവരെയുള്ള റോഡിന്റെ രണ്ടു വശങ്ങളിലും കിടക്കുന്ന വിസ്തൃതമായ ഭ്രവിഭാഗം മുഴുവനും ബിറ്റ് ബിറ്റായി തിരിച്ചു തൊഴിലില്ലാത്തവക്കു പതിച്ചുകൊടുത്തു് അതു നന്നാക്കുന്നതിനുള്ള ധനസഹായവും അവർക്കു നൽകണമെന്നാണു് ഈ അവസരത്തിൽ എനിക്കു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കാനുള്ളതു്. അങ്ങനെ ചെയ്താൽ ഗവണ്മെൻറിനു സൌഭരം; ഉദ്യോഗസ്ഥവൃന്ദങ്ങൾക്കു സൌഭരം; ഞങ്ങൾക്കും സൌഭരം. ഇപ്പോൾ സൌഭരമില്ലാത്തവിധത്തിൽ വർഗ്ഗീയമായും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു പ്രദേശത്തിലുമുള്ള വിഷമതകളുണ്ട്. ആകപ്പാടെ ജനങ്ങൾ പരിഭ്രാന്തചിത്തരായിത്തീർന്നിരിക്കുന്നു. അന്തരീക്ഷം കലങ്ങിമറിഞ്ഞു കാണപ്പെടുന്നു.

രാജ്യത്തെ മൂന്നിലൊന്നു ഭാഗവും റിസർവായിട്ടുതന്നെ സ്ഥിതി ചെയ്യുന്നു. ഈ റിസർവ്വനത്തിൽനിന്നും ഗവണ്മെൻറിനു എന്താദായമാണു കിട്ടുന്നത്? വനങ്ങളുടെ സംരക്ഷണച്ചിലവു നീക്കിയാൽ വാസ്തവത്തിൽ കിട്ടുന്ന ആദായം തുലോം തുച്ഛമാണ്. നേരെമറിച്ച് ഇങ്ങനെയുള്ള സ്ഥലങ്ങൾ പതിച്ചുകൊടുത്താൽ ഗവണ്മെൻറിനു ആണ്ടുതോറും സ്ഥിരമായൊരാദായം കിട്ടുകയുംചെയ്യും. ഇങ്ങനെ ചെയ്ത് ഒരു പ്രവൃത്തിപദ്ധതി നടപ്പിൽ വരുത്തിയാൽ ഇന്നു കാണുന്ന സാമുദായികപരമായ വിഷമങ്ങൾക്കു കുറച്ചൊരു ശമനമുണ്ടാകുമെന്നുള്ള ഒരു പ്രതീക്ഷ അസ്ഥാനത്തിലാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മന്നാൻകണ്ടം ൫൦൦ ഏക്കർ കഴിഞ്ഞതവണ ലേലംചെയ്തപ്പോൾ ഗവണ്മെൻറു മനസ്സുവച്ചിരുന്നാൽ ഇതിലും വലിയ ക്രയധനം തറവില കിട്ടുമായിരുന്നു. ഈ സ്ഥലം എൻെറ നിയോജകമണ്ഡലത്തിൽപെട്ട സ്ഥലമാകകൊണ്ടു എനിക്കു ഇതിൻെറ വിവരങ്ങൾ പൂർണ്ണമായിട്ടറിയാം. പ്രേക്ഷകർതന്നെ സ്ഥലത്തുചെന്നു ലേലംചെയ്തുകൊണ്ടിരിക്കുമ്പോൾ തറവില ക്രമാതീതമായി വർദ്ധിച്ചുവരുന്നതുകണ്ട് അവിടെ കനകമിട്ടിട്ടുണ്ടോ എന്നുംമറ്റും ചോദിക്കുകയുണ്ടായി. വീണ്ടും ലേലം ക്രയണമെന്നുള്ള മനസ്ഥിതിയോടുകൂടി അദ്ദേഹം പ്രവൃത്തിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഇന്നു ഗവണ്മെൻറിനു കിട്ടിയിട്ടുള്ളതിൽ ഒരു രണ്ടുലക്ഷം ധനംകൂടി കിട്ടുമായിരുന്നു. മഹാശയനായ അദ്ദേഹം ഗവണ്മെൻറുത്തരവിനോടു പരിപൂർണ്ണമായി യോജിച്ചു ലേലത്തുക വർദ്ധിപ്പിക്കാത്തത് അദ്ദേഹത്തിൻെറ വിശാലമനസ്ഥിതിയുടെ ഫലമല്ലാതെ മറ്റൊന്നുമല്ല.

Mr. M. N. Narayana Menon : അന്നത്തെ തറവിലതന്നെ ക്രമമായിട്ടു ഇടാക്കിക്കൊണ്ടിരിക്കുന്നില്ലെന്നു മെമ്പർക്കറിയാമോ?

Mr. J. John Kattakayam : തറവില കെട്ടിവയ്ക്കുന്നതിനു ശക്തിയില്ലാത്ത ആളുകളല്ല ലേലത്തിൽ പിടിച്ചിട്ടുള്ളതു്. വാസ്തവത്തിൽ അവർ ധനാഢ്യന്മാരാണ്. ഗവണ്മെൻറിൽ ഒടുക്കേണ്ട പണം വേറെ വല്ല സ്ഥലത്തുമിട്ടിരുന്നാൽ ആ ധനത്തെ വർദ്ധിപ്പിക്കാമല്ലോ എന്നു വിചാരിച്ചാണ് തവണവച്ചു തറവിലയടയ്ക്കുന്നതിനു അനുവാദം ആവശ്യപ്പെട്ടതു്. ഈ പ്രമേയപ്രയോക്താവിൻെറ മകൻ തന്നെ ഇതിൽ കുറെ സ്ഥലം ലേലത്തിൽ പിടിച്ചു. (ചിരി)

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman: അതു എത്ര സ്ഥലമാണെന്നു മെമ്പക്കറിയാമോ?

Mr. J. John Kattakayam: തുച്ഛമായ ഒരു ഭാഗമെയുള്ളു എന്നു ഞാൻ സമ്മതിക്കാം. പക്ഷെ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നിലയല്ലായിരുന്നു എന്നുവരുകിൽ ഇതു് ഏറ്റം ലേലംചെയ്തു കൊടുത്ത സ്ഥലം മുഴുവനും തന്നെ അദ്ദേഹം വിഴുങ്ങുമായിരുന്നു. (ചിരി)

Mr. Tariatu Kunjitomman: ഇപ്പോഴത്തെ നിലയെന്താണ്?

Mr. J. John Kattakayam: എനിക്കിപ്പോൾ എന്തു നിലയോ അതുതന്നെ ഭാവിയും മറ്റുള്ളയാളുകൾക്കും തോന്നിക്കും. (ചിരി)

അതുകൊണ്ടു ഞാൻ പറയുന്നതു രാജ്യത്തുള്ള വിശാലമായ വനങ്ങൾ തരിശായിട്ടിട്ടിരിക്കുന്നതു സാധുക്കൾക്കു പതിച്ചുകൊടുക്കണം എന്നാണ്. കൺസർവേറ്ററെ സംബന്ധിച്ചു പറയുകയാണെങ്കിൽ അദ്ദേഹത്തെ വയ്ക്കാറിൽ കിടക്കുന്ന പട്ടിയെപ്പോലെ അനുമാനിക്കുന്നതിൽ അബദ്ധമില്ല. താൻ തിന്നുകയുമില്ല അതുപയോഗിക്കാൻ ചെല്ലുന്ന സാധുക്കളായ കുടികാലികളെ—അതേ കർഷകജനതതിയെ അനുഭവിക്കുവാൻ അനുവദിക്കുകയുമില്ല. ഈ തരത്തിലാണ് കൺസർവേറ്ററുടെ നില. അദ്ദേഹത്തിന്റെ ഈ നയം അബദ്ധമാണ്. അതു മാറ്റണം. കഴിയുന്നതും കൃഷിക്കുപയുക്തങ്ങളായ സ്ഥലങ്ങൾ പ്രത്യേകിച്ചു ചതുപ്പുനിലങ്ങൾ പതിച്ചുകൊടുക്കണം. ഇതുയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകളെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. K. George: Sir, I have to say at the very outset that the Government are in complete agreement with the mover of this resolution.

This Mannankandam Valley was surveyed in the years 1108 and 1109. It was found to have a total area of 2,776 acres. For convenience of survey, this was divided into four blocks, A, B, C & D. The total area of wet land in these four blocks is roughly 900 acres, and the balance, which is dry land, is about 1,800 acres. In block A, the wet lands, to the extent of 300 acres, have been sold in public auction. About 108 persons competed in the auction and 21 persons were successful.

The total amount that is realised by way of tharavila at the auction is Rs. 83,750. It comes to an average of about Rs. 277 per acre. Now there remains somewhere about 500 and odd acres of wet lands in the four blocks and the rest are dry lands. It has

LIBRARY ARCHIVES Kerala Legislative Assembly

been decided to auction the remaining lands as soon as possible. The delay is due to the fact that there are one or two matters that have to be decided before final sanction is given to auction. In the first place the dry lands contain a large quantity of timber. The Forest Department has been engaged in marking trees which have to be sold. Before the sale the land has to be cleared by the Forest Department and it is handed over to the Revenue Department. As it is the Forest Department hasalready finished the marking of trees in blocks A, B & C. The marking of trees in Block D is in progress and that is expected to be finished shortly.

There is another reason for a short postponement of the auction. The persons who have bid for the last auction have been given only wet lands and it has been brought to the notice of Government by some of the bidders in the auction sales as well as by the Peishkar that these people will require dry lands adjacent to their wet lands so that they might have cooly lines, the sheds for cattle and labourers, &c. The Peishkar has recommended that lands to the extent of two acres of dry lands may be given to each holder of wet lands If that is to be done we have to survey an area of two acres on the margin of wet lands already sold. My friend Mr. Kunjitommen will agree with this view, for he is one of those who have brought the matter to the attention of Government.

My friend, Mr. Kattakayam, has been saying that the lands ought to be split up into smaller plots of five acres each. According to the present survey the blocks range from 5 to 30 acres in area. The question whether the larger blocks should not be subdivided into smaller blocks of 5 acres of wet lands and 10 acres of dry lands has now to be considered. The Peishkar has also said that it is a very desirable thing to do in view of the fact that poor people will get an opportunity of bidding such blocks. If that proposition is accepted we will have again to proceed with he further survey of the larger blocks. So the point is that we may have to subdivide these larger blocks already surveyed into blocks of five acres of wet lands and 10 acres of dry lands.

Another point whi h requires immediate attention is this This tract in course of time would develop into a settlement, Then the Government would feel the necessity of public institutions. For instance, it is well known that the tract is a malarial place and a D spensary would be an absolute necessity. Then there will be necessity for a Police out-post, a village school and similar public institutions. Possibly the Revenue Officers who go there to collect taxes will require a camp-shed to live in when on circuit. For that purpose the Peishkar has suggested that somewhere about 11

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

acres may be set apart. Then another area of about 10 acres will have to be ear-marked for a village. This will be divided into small blocks of 20 to 30 cents each and used for the purpose of forming a settlement for poor people. There are suitable spots for that. That also is a matter which requires decision. From all that I have said it will be seen that before these preliminary steps are taken the lands cannot be auctioned. The Government are considering these various questions and a decision may be expected very soon.

I may also state here that we are on the verge of the monsoon so that it will not be possible for us to take up the subdivision work immediately. After the monsoon is over in Chingam, we will be in a position to take up the further survey of the lands. After that Government will be able to sanction the auction of these lands.

It has been suggested that some parts of the lands may be split up into small blocks and given to the educated unemployed. That again is a question which requires consideration of Government. The Government are at one with the member in regard to this Resolution. All that they require is time.

Mr. K. P. Nilakanta Pillai: What is the maximum acreage that has been bid by a particular individual ?

Mr K. George: Somewhere about 25 acres.

Mr. K. P. Nilakanta Pillai: What is the number of persons who have bid about 300 acres in auction ?

Mr. K. George: 21 persons.

Mr. K. P. Nilakanta Pillai: Sir, I beg to oppose the Resolution not because that all available lands for profitable cultivation either at Mannankandom or else-where should not be registered in the name of the people of Travancore but because the procedure adopted by Government in the matter of auctioning the available lands is against many of the pronouncements that have been made, from time to time, in this House. Whether in the matter of auctioning lands publicly or in the matter of registering lands otherwise, whatever may be, we can trace that no definite policy has been pursued by Government. When we find that poor people, really needy people, who cannot even find three or four cents of land to put up a small hut and when they encroach upon the available Government lands, all sorts of coercive measures are taken against them. The poor people are evicted and Government refuse to effect registry in their names. On the other hand large areas unknown to any body happens to be registered in the names of

LIBRARY ARCHIVES Kerala Legislative Assembly

influential persons. So whatever may be the very commendable object with which Mr. Tariatu Kunjitomman has tabled the Resolution, it does not go beyond the proposal that all available lands in those areas should be auctioned as early as possible, so that half a dozen capitalists may be able to bid the whole lands for their own use. Here we will do well to recall the observations made by one of our previous Dewans who remarked that it was the main vocation of some of the influential people in Travancore to get by fair or foul means extensive areas on the Hilly tracts registered in their names for a nominal payment and to part with them, subsequently when they got a considerable amount as profit. If the present resolution is adopted that will enable these gamblers to get extensive acreage of lands registered in their names which they may not be able to cultivate. But subsequently they will lease them or sell them. Therefore this is again attempting to create a set of absentee landlords as it were who live by unearned increments. Therefore the very proposal of auctioning the lands though it may bring money into the coffers of Government, does not seem to me to be acceptable at all. From a question I put to the Revenue Commissioner the answer was that, three hundred acres were bid by 21 persons for about Rs. 83,000. Therefore these three hundred acres of registered lands have now been owned by 21 people. If the Peishkar has suggested that the available lands should be subdivided into small plots, that proposal has to be accepted. The further proposal ought to be that no land ought to be auctioned. From what has been done Government are in a position to understand what an average acre of land will fetch there. Taking that as the basis, the poor people must have a chance of getting some of these lands. After all, the region is malarial. The rich men are not expected to go there for purposes of cultivating their lands. Therefore my point is that poor people must be enabled to get the lands at least in small plots. That is the only procedure that ought to be accepted in this matter.

Further if the lands are again to be put to public auction nothing prevents these 21 bidders from bidding in the next open auction. That also has to be avoided.

Again on the merits, even though not quite relevant for the pupose of supporting or opposing the resolutton, I regret to say that I do not understand the necessity or urgency of such a resolution being discussed in the House. Government have already decided to auction all available cultivable lands in Mannankantam and as a result of definite steps taken in that direction about 300 acres of lands have already been auctioned. So what is the purpose the member had in view by sending such a resolution? The

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

Rules and the Regulations enable us to send a resolution on a very important matter of general public interest which cannot otherwise be properly and thoroughly discussed in order to make the Government understand the people's view on the subject. Here in this House two resolutions were discussed to-day and some members take it into their head that some resolution should be forwarded. Whether it is important or unimportant is none of their concern. They do not understand the object or the purpose to be served by a resolution. These things could have been served even by an interpellation or by sending a letter to Government. Resolutions are sent on silly matters, they are balloted, discussed and the valuable time of the House is wasted. When the Government has definitely accepted the principle that lands should be auctioned the member who tabled that resolution wanted that principle to be discussed in the House.

Mr. M. N. Paramesvaran Pillai : Can it not be due to the anxiety of the member ?

Mr. K. P. Nilakanta Pillai : Yes it may be so. Again the member was given to understand from some quarters that there is some proposal before the Government to make a sanatorium in some place in the High Ranges and he has taken the trouble to bring it in the form of a resolution. Now what is the purpose to be served by that ? We are here to make Government do certain things which have not come to their notice or which they do not propose to do and not to make them do things they are already doing whether for good or bad. You look at the list of resolutions balloted for today. All are of no use. I am not blaming anybody. I am only blaming the scope of the Rules which permit a member to send any number of such resolutions. We people who have sent important resolutions did not get them balloted. My only point is that my colleagues here should understand what actually the subject matter of a resolution must be that should find a place for a proper discussion in this House and what could be made the subject matter of an interpellation.

Chairman : So you are not opposing the resolution?

Mr. K. P. Nilakanta Pillai : Yes, I am opposing the resolution. The main principle is about the action. I suppose a man with big capital can bid the whole of Mannankandom. Mr. Kunjitommen wanted Mannankandom to be converted into a taluk so that a man can bid the whole of it and become the king there.

Mr. M. N. Paramesvaran Pillai: In that case is it not possible for that member to represent that constituency in the Council ?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai : Yes that will be possible.

Mr. Komilezhathu Sankaran : Does the member know that the author of this resolution is a man who has got the longest service in the Council?

Mr. K. P. Nilakanta Pillai : More regrettable, Sir. On these various grounds I vehemently object to the proposal that all available lands should be put to public auction. That will not serve anybody's purpose especially that of the needy people.

Mr. Tariatu Kunjitomman : ലേലംചെയ്തു പതിച്ചുകൊടുക്കണമെന്നാണ് എന്റെ പ്രമേയം.

Mr. K. P. Nilakanta Pillai : The resolution is that it should be auctioned. Nothing is said about the registry.

Mr. S. Piraviperumal Pillai : Does not the member think that if he had made his speech in Malayalam the Honourable Member who moved the resolution would not have allowed him to proceed one minute further?

Mr. K. P. Nilakanta Pillai Mr. Kunjitomman is a man of great capacity.

Chairman : You need not answer that question.

Mr. K. P. Nilakanta Pillai : On these various grounds I oppose the resolution.

Mr. M. N. Narayana Menon: ആർക്കാണ് പതിച്ചുകൊടുക്കേണ്ടത്?

Mr. P. Padmanabhan Tampi: യാതൊരു വസ്തുവുമില്ലാതെ വൃക്ഷങ്ങളുടെ ചുവട്ടിലും മറവും കിടക്കുന്നയാളുകളുണ്ട്. അവർക്ക് ഭൂമി പതിച്ചുകൊടുക്കാമെന്നും കൊടുക്കണമെന്നും ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

Mr. M. N. Paramesvaran Pillai: അവർക്ക് പതിച്ചുകൊടുത്തശേഷം പണമുള്ളവർ അവരുടെ കയ്യിൽ നിന്നും വാങ്ങിച്ചാലൊ?

Mr. P. Padmanabhan Tampi: അങ്ങിനെ വിചാരിക്കാൻ കാരണമില്ല.

Mr. Tariatu Kunjitomman : അങ്ങിനെയും ചിലസ്ഥലത്തു നടക്കുന്നുണ്ടെന്നു മെമ്പർക്കറിയാമോ?

Mr. P. Padmanabhan Tampi: ഒരു സ്ഥലത്തു നടക്കുന്നതു ഒരു കാരണമായിട്ടെടുക്കാൻ പാടില്ല. ഗവണ്മെണ്ടിൽനിന്നും വസ്തുവില്ലാത്തവർക്കു പതിച്ചുകൊടുക്കണമെന്നുപറഞ്ഞു സ്ഥലങ്ങൾ കൂടുതൽ തുകക്കു മേലാധെയ്തു കൊടുക്കയല്ലവേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

There are many promises made by Government that the poor people will be supplied with properties. There is even now a proposal that a colony should be formed for them. So, I oppose this resloution.

Mr. Tariatu Kunjitomman: സർ, എന്റെ പ്രമേയത്തെ ഗവണ്മെണ്ടുഭാഗത്തുനിന്നും അനുകൂലിച്ചു, ഞാൻ പ്രമേയം കൊണ്ടുദ്ദേശിച്ച സംഗതി നടപ്പിൽ വരുത്താമെന്നു പ്രസ്താവിച്ചതുകൊണ്ടു പ്രമേയത്തെ പിൻവലിക്കാൻ ഞാൻ തയ്യാറാണ്.

Mr K. P. Nilakanta Pillai: ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പിൽവരുത്താമെന്നു ഗവണ്മെൻറുഭാഗത്തുനിന്നും പ്രസ്താപിച്ചിട്ടുണ്ടോ?

Mr. J. John Kattakayam : ഗവണ്മെൻറിൽ നിന്നും ഈ സ്ഥലം പതിച്ചുകൊടുക്കാനായി നടപടികൾ നടത്തിവരുന്നു എന്നാണു പറഞ്ഞതു.

Mr. K. P. Nilakanta Pillai: ഇതുസംബന്ധിച്ചുള്ള പല സംഗതികളും ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നാണു റവന്യൂകമ്മീഷണർ പറഞ്ഞതെന്നു മെമ്പർ ഓർക്കുന്നുണ്ടോ?

Mr. Tariatu Kunjitomman : മുമ്പു ലേലം ചെയ്തതിനെ തുടർന്നു ലേലം ചെയ്യുവാൻ തുടങ്ങുമെന്നു പറയുകയുണ്ടായി. ഈ റസല്യൂഷൻ അയച്ചശേഷം എ ബ്ലാക്കിനെ സംബന്ധിച്ചു നടപടി നടക്കുന്നു എന്നുപറഞ്ഞു. ഇനി എന്റെ സ്നേഹിതന്മാരുടെ ചില എതിരഭിപ്രായങ്ങൾക്കു കൂടി അൽപ്പമായി മറുപടി പറയേണ്ടിയിരിക്കുന്നു. ഈ സംഗതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ള കാരണം ഗവണ്മെണ്ടിന്റെആദായവും ജനങ്ങളുടെ ക്ഷേമവും വർദ്ധിക്കണമെന്നുള്ള ആഗ്രഹമാണ്. നടപടി നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇങ്ങനെ ഒരു പ്രമേയത്തിന്റെ ആവശ്യമേയില്ലായിരുന്നു എന്നു മി. കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി. ഒരു പതിനെട്ടു ഇരുപതുകൊല്ലത്തിനുമുമ്പു വനത്തിനകത്തുള്ള കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ പതിച്ചുകൊടുക്കണമെന്നു പ്രജാസഭയിൽ നിവേദനങ്ങൾ സമർപ്പിച്ചതിന്റെ ഫലമായി ഗവണ്മെൻറു കൺസർവേറ്ററുമായിട്ടു് ആലോചിച്ചു ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കുവാൻ തീർച്ചയാക്കി സർവ്വെചെയ്തു. അതിനുശേഷം ആ ഉദ്ദേശം ഗവണ്മെൻറു വിട്ടുകളഞ്ഞു. സർവ്വെചെയ്തസ്ഥലങ്ങൾ അളന്തിക്കാണാത്തവണ്ണം കാടുകയറുകയും സർവ്വെക്കു ചെയ്ത ചിലവു വ്യർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

മായിത്തീരുകയും ചെയ്യും. അടുത്തകാലത്തു വീണ്ടും വലിയ ചിലവു ചെയ്തു സർവ്വെനടത്തി കാലംനീട്ടിയാൽ ആ ചിലവും വ്യർത്ഥമാകുകയുംഗവണ്മെൻറിനു ജനങ്ങാം കൂടികയറി പാത്തു കൃഷിചെയ്യണമെന്നുള്ള ആഗ്രഹം സാധിക്കാതെ വരികയും ചെയ്യും. ഈ സ്ഥിതിക്കു സംഗതികളെ ഗവണ്മെണ്ടിൻെറ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതു് ഓരോ ജനപ്രതിനിധികളുടെയും ഒഴിച്ചുകൂടാത്ത കടമയാകുന്നു. റോഡരികിലാകയാൽ ഈ സ്ഥലം പതിച്ചുകൊടുക്കുന്നതു കൃഷിക്കും കുടിപാർപ്പിനും സൌകര്യമാണു്, ജനങ്ങൾക്കു കൃഷിക്കും കുടിപാർപ്പിനും സ്ഥലംവേണമെന്ന ആഗ്രഹം വെളിപ്പെട്ടിട്ടുള്ളതാണു്.

ഭൂമി ലേലംചെയ്തു പതിച്ചുകൊടുക്കുന്നതു ധനാഢ്യന്മാരുടെ ആദായത്തെ വർദ്ധിപ്പിക്കുന്നതിനു ഒരു മാർഗ്ഗമായിരിക്കുമെന്നു എൻെറ ചില സ്നേഹിതന്മാർ പറയുകയുണ്ടായി. ഞാൻ ഈ സ്ഥലത്തിനടുത്തു കോതമങ്ങലത്തു താമസക്കാരനാണു്. ഞാൻ മുന്നേക്കർസ്ഥലം ലേലത്തിൽ പിടിച്ചതല്ലാതെ അവിടേയുള്ള മറ്റാരുംതന്നെ ഒരേക്കർപോലും പിടിച്ചിട്ടില്ല; 52 ഏക്കർ ആയിരം രൂപയ്ക്കാണു ഞാൻ പിടിച്ചതു്.

Mr. K. P. Nilakanta Pillai: തിരുവിതാംകൂറിലുള്ള ആൾക്കും പണമുണ്ടെങ്കിൽ അവിടെ ചെന്നു ലേലത്തിൽ പിടിക്കരുതൊ?

Mr. Tariatu Kunjitomman: ആകാം, എന്നാൽ അങ്ങിനെ പിടിച്ചാൽ ആ സ്ഥലത്തു കൃഷിഇറക്കും. ഈ പുത്തൻറോഡിൽക്കൂടി വന്യജന്തുക്കളുടെ ഉപദ്രവംനിമിത്തം ഇപ്പോൾ സഞ്ചരിക്കാൻ വിഷമമുണ്ടു്. എന്നാൽ റോഡിൻെറ ഇരുവശങ്ങളിലുമുള്ള ഭൂമികാം പതിച്ചുകൊടുക്കുന്നപക്ഷം ജനങ്ങൾ കൂടികയറി പാത്തു കൃഷിചെയ്യുകയും തന്നിമിത്തം വന്യജന്തുക്കളുടെ ഭയമെന്യെ റോഡിൽക്കൂടി സഞ്ചരിക്കുന്നതിനു ജനങ്ങൾക്കു സാധിക്കയും ചെയ്യും. ഇതിനുപുറമെ അവിടെ ഒരു വലിയഗ്രാമമുണ്ടാകാനും എളുപ്പമുണ്ടു്. പക്ഷെ ഇതു ചെറിയചെറിയ അംശങ്ങളായി മാത്രം തിരിച്ചുകൊടുത്താൽ പൂർണ്ണമായി സാധിക്കുമൊ എന്നു സംശയമാണു്. ധനവാന്മാരും ദരിദ്രന്മാരും ഇടകലർന്നു പ്രവർശിച്ചാലെ ആ സ്ഥലത്തു രക്ഷയുള്ളൂ. ദരിദ്രർ മാത്രമായാൽ കാട്ടുജന്തുക്കളോടും മലേറിയായോടും പോരാടിനിൽക്കാൻ പ്രയാസം.

Chairman: മെമ്പർ പ്രമേയത്തെ വോട്ടിനിടണമെന്നു വിചാരിക്കുന്നില്ലെങ്കിൽ ഇപ്പോൾ ഒരു പ്രസംഗത്തിൻെറ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman : എതിർഭാഗത്തുനിന്നും പറഞ്ഞിട്ടുള്ള ന്യായങ്ങളും പൂർണ്ണമായിട്ടു അംഗീകരിച്ചാൽ അതിൽ ചിലദോഷങ്ങളും ഉണ്ടാകും. അതുകൊണ്ടു അതിനെ ഒന്നു ചൂണ്ടിക്കാണിക്കണമെന്നുമാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ജനവാസസ്ഥലത്തുനിന്നു മുപ്പതു മയിലോളം ദൂരമുള്ള ഈ വനമദ്ധ്യത്തിൽ പുലയർ പറയർ തുടങ്ങിയുള്ള അധഃകൃതക്കുമാത്രം ഭൂമി പതിച്ചുകൊടുത്താൽ അവർ കുടിയേറിപാർക്കുമെന്നും വിചാരിക്കാൻ മാർഗ്ഗമില്ല. ധനവാന്മാരും ചിലർവേണം. കുറെ സ്ഥലങ്ങളും ചെറിയ അംശമായി അധഃകൃതക്കും ദരിദ്രക്കും പതിച്ചുകൊടുക്കണം. അതിനുതക്കവണ്ണം രണ്ടും മൂന്നും അഞ്ചും ഏക്കറുള്ള പല ബ്ലാക്കുകളും ഉണ്ടു്.

Mr. J. John Kattakayam : ധനവാൻ ദരിദ്രനെ വിഴുങ്ങുകയില്ലെ?

Mr. Tariatu Kunjitomman : മെമ്പറുടെ സ്വദേശമായ തൊടുപുഴയിലെ അറക്കുളത്തും മറ്റും അങ്ങിനെ ദരിദ്രരെ വിഴുങ്ങുന്നുണ്ടായിരിക്കാം. ഈ മഹാരണ്യത്തിൽ ദരിദ്രന്മാരെ കടുവാ വിഴുങ്ങാതെസൂക്ഷിച്ചാൽ മതി. അതിനു ചില ധനവാന്മാരും കൂടിയില്ലാതെ സാധിക്കയില്ല.

Mr. J. John Kattakayam : തൊടുപുഴനിന്നും മൂവാറ്റുപുഴക്കു എന്തുദൂരമുണ്ടു്?

Mr. Tariatu Kunjitomman : ൧൫ മയിൽ.

Mr. J. John Kattakayam : ഈ സ്ഥലം രണ്ടുമൂന്നു പ്രാവശ്യം തൊടുപുഴത്താലൂക്കിന്റെ അധികാരസീമയിലായിരുന്നു എന്നു മെമ്പർക്കറിയാമോ?

Mr. Tariatu Kunjitomman : മുമ്പു ദേവികുളം താലൂക്കിലായിരുന്നു. ഇപ്പോൾ മൂവാറ്റുപുഴതാലൂക്കിന്റെ അധികാരസീമയിലാണു. പഴയ കാര്യങ്ങളും പറഞ്ഞുകൊണ്ടു പ്രയോജനമില്ല. ഇതുമായും പ്രസ്തുതിച്ചുകൊണ്ടു ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Chairman : Does the House grant leave to Mr. Kunjitomman to withdraw his resolution ?

The resolution was, by leave, withdrawn.

Resolution re Appointment of Typists in Munsiffs' Courts.

Mr. G. Narayana Aiyar : I beg to move the following resolution :—

> *"This Council recommends to the Government that duly qualified typists be appointed in all the Munsiffs' Courts in the State for remedying the inordinate delay in the preparation of office copies of judgments, orders, etc."*

LIBRARY ARCHIVES Kerala Legislative Assembly

That there is a good deal of delay in the preparation of office copies of judgments, orders etc., cannot be denied. Although under Rule 662 of the Civil Court Guide only 7 days time is given to the office copy clerk to prepare copies, yet it has become impossible for the clerks to prepare them within the time, so much so, that even months are taken for their preparation instead of days. This delay is giving very much trouble to the litigant public. To avoid that delay this resolution is brought.

Mr. K. P. Nilakanta Pillai: May I know whether the High Court had occasion to consider this question?

Mr. G. Narayana Aiyar: None of the recommendations by the High Court have been acted upon by the Government.

Mr. P. Padmanabhan Tampi May I know from the member whether the Law's Delays Commissioner has made such a recommendation?

Mr. G. Narayana Aiyar: Yes, I think he has recommended.

Mr. Kayalam Paramesvaran Pillai: I question it.

Mr. K. P. Nilakanta Pillai: May I know whether the appointment of the typists has been recommended by the Law's Delays Commissioner?

Mr. G. Narayana Aiyar: I think he has recommended it.

Mr. Kayalam Paramesvaran Pillai: I question the statement that the Law's Delays Commissioner has recommended the appointment of typists.

Mr. G. Narayana Aiyar: I think there is a recommendation like that.

Mr. S Piraviperumal Pillai: Apart from those recommendations may I know from the member whether it will or will not minimise delay?

Mr. G. Narayana Aiyar: It will minimise delay.

Mr. M. N. Paramesvaran Pillai: If this recommendation is accepted will it not necessitate the relieving of a number of copyists now in the department.

Mr. G. Narayana Aiyar: Need not necessarily. Now there is complaint that the number of clerks in the department is very few. By the appointment of typists that complaint may be removed.

Mr. S. Piraviperumal Pillai: Similarly will it not increase the staff by the appointment of a number of typists?

Mr. G. Narayana Aiyar: Certainly it will increase.

So, as a means of relieving the delay in courts the employment of typists is necessary. In Cochin, typists are employed in Munsiffs' Courts and they minimise the work of the presiding officers also. As such I submit that the resolution be accepted by the House.

LIBRARY ARCHIVES Kerala Legislative Assembly

Mr. S. Piraviperumal Pillai: Sir, I have great pleasure in supporting the resolution moved by Mr. Narayana Aiyar. The point that has to be considered is whether by the appointment of typists in Munsiffs' Courts, the law's delays could be minimised or not. My friend Mr. Nilakanta Pillai asked a question as to whether the High Court has made any such recommendation or not, or whether the Law's Delays Committee made such a recommendation or not. The question is if typists are employed for copying out judgments in Munsiffs' Courts, can delay be minimised? I consider Sir, that a great deal of delay could be minimised by the appointment of typists. For instance, a judgment consisting of 40 pages will take the time of a copyist for 2 or 3 days to be copied but if a typist attends to it, it will be done in one day. The question was then raised by my friend Mr. Paramesvaran Pillai whether it will not put many copyists out of employment. But it must be answered that many typists may also be employed. These copyists can have work in copying out the Malayalam portion of the work in Munsiffs' Courts.

Mr. K. P. Nilakanta Pillai: May I know from the member how many copies of judgments have to be issued on a day in the Munsiff's Court to the parties?

Mr. S. Piraviperumal Pillai: I do not know exactly how many copies are issued in a day.

Mr. K. P. Nilakanta Pillai: May I know whether the member is aware that to prefer appeals from the decrees or judgments of the Munsiff's Court, the judgments have got to be printed?

Mr. S. Piraviperumal Pillai: Yes, judgments have to be printed for purposes of appeal and they have to be issued from the court for printing. If they are typed, it will only facilitate printing.

Mr. K. P. Nilakanta Pillai: Even in the matter of typing the judgment, is it not possible to do it only after the fair-copy or court copy has been prepared?

Mr. S. Piraviperumal Pillai: That is exactly what I said. One copy of the judgment has to be written first and it will take more time for further copies to be written. But by typing, more copies can be taken at the same time. That is the very reason I say why typists should be employed in these courts.

Mr. P. Padmanabhan Tampi: What is the necessity of preparing more copies than are required? If only one copy is used for office, what is the necessity for preparing more copies?

Chairman: The member has sat down.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai : Sir, I oppose the resolution. My humble submission is there is no substance in the resolution and the grievance ventilated in the House is nothing but imaginary. From my experience, Sir, I find that as soon as a judgment is pronounced, the party against whom or in favour of whom the judgment has been passed has to apply for a copy in case he wants a copy. After the pronouncement of the judgment the fair copy is usually prepared and approved by the court. If a copy is applied for, for purposes of appeal, the fair copy of the judgment is sent to the press direct where it is proposed to be printed at the expense of the party concerned.

Mr. M. N. Paramesvaran Pillai : May I know from the member in how many contested cases a Munsiff writes judgment in a month barring *exparie* judgments ?

Mr. K. P. Nilakanta Pillai : There will be at the most 10 or 12 judgments. That is again another argument against appointing these typists.

Therefore, if the aggrieved party wants to prefer an appeal, he has got to get the judgment printed and several copies taken at his own cost. A printed copy of the judgment is given to the respondent also free of cost. Now, even if typists are employed, I do not think the client population will be benefited by it. For getting copies of judgments written by copyists we have to pay 2 annas per page. If instead of written copies, typed copies are given, I do not think any substantial gain would be resulting to the clients in general. Moreover I find this practice of getting judgments printed at the expense of the parties saves a lot of work and delay in the Munsiffs' Courts. The parties themselves will see that the judgments are printed and taken back to the Court and are made available for distribution. The mistakes, if any, in the copies could also be avoided. But if the judgments are typed again, it will give room for several kinds of vexatious arguments before courts. We generally find different words in different copies of the typed judgments. But if they are printed, this would not happen From all these points of view I do not think there is much benefit to accrue by accepting this resolution.

Lastly, you will have to see the other side of the question also. If the resolution is accepted, at least one or two typists wil have to be appointed in every Munsiff's Court. That will make the number very large for the whole State together and Govern ment will have to meet additional expenditure without any substantial or proportionate benefit arising thereform. On all these grounds, I oppose the resolution.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John KattaKayam: സർ, പരീക്ഷായോഗ്യതയുള്ള ടൈപ്പിസ്റ്റന്മാരെ മുനിസിപ്പുകോടതികളിൽ നിയമിക്കുന്നതുകൊണ്ടു കൃത്യതയ്ക്കുചിലവല്ലാതെ വേറെ വിശേഷം ഒന്നും ഇല്ലായെന്നു മാത്രമല്ല കാര്യസാധ്യത്തിനു ഇപ്പോഴത്തെ അപേക്ഷിച്ചു ഹാനികരവും ആയിരിക്കും. ഇന്നത്തെ കാലതാമസത്തിനു പരിഹാരം ജഡ്ജിമെൻറു വേഗം തയ്യാറാക്കുന്നതിനു ഒരുത്തരവയയ്ക്കുകയെന്നുള്ളതാകുന്നു. അതിനു വിപരീതമായി പ്രവൃത്തിക്കുന്നവരെമാതൃകായോഗ്യമായ നിലയിൽ ശിക്ഷിക്കണം. ഇങ്ങനെചെയ്താൽ ഗവണ്മെൻറിനു ചിലവുകൂടാതെ പ്രമേയാവതാരകന്റെ ഉദ്ദേശം സഫലമാകും. അതിനാൽ ഞാൻ ഈ പ്രമേയത്തെ എതിർത്തുകൊള്ളുന്നു.

Mr. Kayalam Paramesvaran Pillai: Sir, I oppose this resolution. I am prepared however to have this matter considered if the House so desires. At the very outset let me point out that perhaps the scope of the resolution has not been fully understood. The question of copyists in general and the copying of records in general does not arise on this resolution. The resolution is;

> "This Council recommends to the Government that duly qualified typists be appointed in all the Munsiff's Courts in the State for remedying the inordinate delay in the preparation of office copies of judgments, orders, etc."

The resolution recommends that typists should be appointed for the preparation of office copy of judgments, orders, etc., and not for the copying of records in general; and it would seem to follow that what the mover of the resolution wants is that an additional hand should be appointed in all the courts for preparation of typed copies of judgments and orders and that means additional expenditure. Then the question will be whether there is any justification for this additional staff and additional expenditure. Mr. Narayana Aiyar says that there is inordinate delay in the preparation of the office copies of judgments orders, etc. Without going to the length of denying it flatly, I must say it has not been brought to the notice of Government that there has been such inordinate delay, at any rate, such delay as would justify the appointment of an additional hand to each court for typing office copies.

When Mr. Narayana Aiyar was speaking I questioned his statement that the Law's Delays Commissioner has reported on the inordinate delay in the preparation of office copies and has made a recommendation similar to that contained in the present resolution. The Law's Delays Report is a bulky volume; but so far as I can

LIBRARY ARCHIVES Kerala Legislative Assembly

see there is no suggestion there in that there is any delay or laxity in the preparation of office copies of judgments or orders. No doubt, there are certain paragraphs in the report which suggest that as an experimental measure a few typists may be appointed in the High Court and District Courts. But no mention is made of Munsiffs' Court nor is the suggestion made for the typing of office copies of judgments etc. Honourable Members are aware that most of the records in Munsiffs' Courts are in Malayalam, such as plaints, written statements, documents, etc. The Malayalam copying work is voluminous and English copying work must be very little. But, of course, Mr. Narayana Aiyar does not want copying work in general to be done by typists. What he wants is that office copy of judgments and orders must be type-written. There will not be much work for a typist even taking it for granted that there will be 40 pages or so to be typed as Mr. Piraviperumal Pillai suggested, in the shape of judgments and orders, and I do not think there is any justification for appointing a typist. In any event if the resolution has to be accepted it has to be made out first that there is delay in the preparation of office copy of judgments, orders etc., and secondly it must be made out that if there is delay it could not be remedied by the existing copying staff. Unless these are established it is not justifiable for the House to pass the resolution. The House is aware that there is a complaint that the expenditure on salaries of Government servants is increasing day by day. Government should think twice or even hundred times before they can support a resolution which will involve additional expenditure on account of salaries. Unless there is emergent necessity Government will not be justified in appointing additional hands for doing this work. But I can say this that I am prepared to convey this debate to the High Court, if the House so desires, so that they may investigate the matter and see.....

Mr. M. N. Paramesvaran Pillai: May I know from the member whether any request has been made by Munsiffs for the appointment of typist ?

Mr. Kayalam Paramesvaran Pillai: Not that I am aware of. All that I can say is that the High Court has not made any recommendation on this matter to Government. Whether Munsiffs have made such a recommendation to the High Court or not, I cannot say. If the Munsiffs had made any such recommendation and if the High Court thought that there was real necessity, they would certainly have communicated that to Government. It may be taken therefore that the High Court is not very anxious about the appointment of typists in Munsiffs' Courts.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Paramesvaran Pillai-]

When I say that I am prepared to convey this debate to the High Court, I do not hold out any hope to Mr. Narayana Aiyar, as matters stand at present. If there has been any inordinate delay in the preparation of office copies of judgments, that would have come to the notice of the Law's Delays Commissioner and to the High Court and, if so, they would have made recommendations for avoiding that delay. No such proposals have been made as yet. It seems, therefore, that Government not only cannot accept this resolution but they cannot even hold out any hope that the High Court will accept it. I can only make the suggestion that this debate will be conveyed to the High Court if the House so desires.

Chairman: Having heard the Law Member, what does Mr. Narayana Aiyar say?

Mr. G. Narayana Aiyar: I think the learned Law Member has explained the position very clearly though there has been some misapprehension on the part of other speakers. I never said that copies supplied to clients or parties should be type-written. The resolution clearly says "to avoid the delay in the preparation of judgmegts, and orders".

Chairman: Mr. Narayana Aiyar, are you pressing the resolution or not?

Mr. G. Narayana Aiyar: In view of the statement given by the Law Member I am not pressing the resolution and I withdraw it.

The resolution was, by leave, withdrawn.

Mr. M. N. Paramesvaran Pillai: May I know, Sir, whether after the Law Member has spoken it is not open to any member to speak on the new points raised by the Law Member and then withdraw?

Chairman: In the opinion of the Chair there is nothing to explain and the member has already withdrawn his resolution.

Grant of facilities to the public to represent their grievances to Government officers while on circuit.

25. Mr. J. John Kattakayam (*Muvattupuzha* cum *Todupuzha*): *This council recommends to the Government that, when their officers proceed on circuit, their programmes be published previously and time specially appointed for hearing the grievances of the public and that, in the case of circuits made otherwise, mileage and batta be not granted.*

LIBRARY ARCHIVES Kerala Legislative Assembly